# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5852 — 28/03/2018-ൽ മറുപടിക്ക്

## പുതുതായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എൻ.ഷംസീർ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിന്റെ ഭാഗമായി പുതുതായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോ ആരോഗ്യവകുപ്പിന് കീഴിലുള്ള മറ്റെന്തെങ്കിലും സ്ഥാപനങ്ങളോ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ആയത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | പുതിയതായി സ്ഥാപനങ്ങൾ അനുവദിക്കുക എന്നതിനല്ല വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകി വരുന്നത്. ആയതിന്റെ ആദ്യ ഘട്ടത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുകയും ടി സ്ഥാപനങ്ങളിലേക്ക് അധിക തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആർദ്രത്തിന്റെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനായി തിരഞ്ഞെടുത്ത 500 സ്ഥാപനങ്ങളുടെ (പി.എച്ച്.സി/സി.എച്ച്.സി ഉൾപ്പെടെ) കരട് ലിസ്റ്റിൽ തലശ്ശേരി റവന്യൂ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന ധർമ്മടം, അഞ്ചരക്കണ്ടി, വേങ്ങാട്, ഈറൻഗോലി, കൊടിയേരി, ന്യൂമാഹി, ചാലിൽ എന്നി പി.എച്ച്.സി-കളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. |
| ബി) | ഇതിലേതെങ്കിലും തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ